(ബി) മലയാള മനോരമ.

(സി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

ഡൽഹിയിലെ സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഉദ്യോഗസ്ഥൻമാർ

922 [1694] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഉദ്യോഗസ്ഥൻമാർക്ക് കേരള സർക്കാർ ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ നിയമങ്ങളും ബാധകമാണോ;

(ബി) സ്പെഷ്യൽ റെപ്രസന്റേറ്റീവിന്റെ ഓഫീസിലെ ഒരു ക്ലാർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽകൂടി ജോലി ചെയ്യുന്നുണ്ടെന്നും അവിടെനിന്നും കൂടുതലായി ശമ്പളം പറ്റുന്നുണ്ടെന്നുമുള്ള വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ദേഹത്തിന് സ്പെഷ്യൽ അലവൻസ് നല്കുന്നുണ്ടോ; എന്താവശ്യത്തിന്, എന്തു തുക;

(ഡി) സ്പെഷ്യൽ അലവൻസ് ഉണ്ടെങ്കിലും അദ്ദേഹം കേരളാ ഹൗസിലെ കാർ ഉപയോഗിക്കുന്നുണ്ടെന്നും അത് എസ്. ആർ. (സ്പെഷ്യൽ റെപ്രസന്റേറ്റീവ്) ഉപയോഗിച്ചതായി രേഖപ്പെടുത്തുന്നുണ്ടെന്നും ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിനെക്കുറിച്ച് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഇല്ല.

(സി) ഇല്ല. ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

എവിയേഷൻ ട്രെയിനിങ്ങ് സെന്ററുകളിലെ പരിശീലനത്തിനു വേണ്ടി കേരളാ ഗവൺമെന്റ് നൽകുന്ന ഗ്രാന്റ്

923 [1695] ശ്രീ. വി. കെ. രാജൻ:

,, കെ. വി. സുരേന്ദ്രനാഥ്:

,, ജെ. ചിത്തരഞ്ജൻ:

,, ബി. എം. ഷെറീഫ്:

,, കെ. ടി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

LIBRARY ARCHIVES Kerala Legislative Assembly